III. അടിയന്തിര പ്രമേയം

മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കാത്തതും ഐസ്ക്രീം പാർലർ പെൺവാണിഭ കേസിൽ പുനരന്വേഷണം നടത്താത്തതും കരിപ്പൂർ വിമാനത്താവളത്തിൽ മാദ്ധ്യമ പ്രവർത്തകർക്കും കണ്ണൂർ ജില്ലയിൽ യുവജന മഹിളാ പ്രവർത്തകർക്കും നേരെ ഉണ്ടായ പോലീസ് അതിക്രമങ്ങളും സംബന്ധിച്ച്

മി. സ്പീക്കർ: മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മന്ത്രിസഭയിൽ നിന്നും പുറത്താക്കാനോ, കേസ് എടുക്കാനോ, ഐസ്ക്രീം പെൺവാണിഭ കേസിൽ പുനരന്വേഷണം നടത്തുവാനോ തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സമരരംഗത്ത് ഇറങ്ങിയവർക്കും കരിപ്പൂർ എയർപോർട്ടിൽ റിപ്പോർട്ട് ചെയ്യാനെത്തിയ മാദ്ധ്യമ പ്രവർത്തകർക്കു നേരെയും, കഴിഞ്ഞ രണ്ടു ദിവസങ്ങളായി കണ്ണൂർ ജില്ലയിൽ യുവജന മഹിളാപ്രവർത്തകർക്കു നേരെയും പോലീസ്-ലീഗ് നരവേട്ട നടത്തുകയും, ലൈബ്രറികളും ദേശാഭിമാനി, മാധ്യമം പത്രം ഓഫീസുകളും പാർട്ടി ഓഫീസുകളും അടിച്ചു തകർക്കുകയും വ്യാപകമായി അക്രമങ്ങൾ നടത്തുകയും കേരളമാകെ പോലീസ് ഭീകരതയും പ്രക്ഷുബ്ധാവസ്ഥയും സംജാതമായിരിക്കുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, സി. കെ. നാണു, പി. സി. ജോർജ്ജ്, എ. എ. അസീസ്, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, ഈ പ്രശ്നം സംബന്ധിച്ച് ചട്ടങ്ങൾക്ക് വിധേയമായി ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, (സംസാരിക്കാൻ എഴുന്നേറ്റു) ഞാൻ ..... ബഹളം .....

ശ്രീ. ഉമ്മൻ ചാണ്ടി: ചട്ടങ്ങൾക്ക് വിധേയമായി, റൂൾ അനുസരിച്ച് പന്ത്രണ്ടര മണിക്കാണ്.

(ബഹളം .....ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: No ..... No ..... അത് പറ്റില്ല, അത് സാദ്ധ്യമല്ല.

മി. സ്പീക്കർ: പ്ലീസ്, എല്ലാവരും എണീറ്റുനിന്നിട്ട് കാര്യമില്ല. ..... please ..... please ..... പ്ലീസ്, പ്ലീസ്, പറയുകയും കേൾക്കുകയുമാണ് വേണ്ടത് എങ്കിൽ ഒരാൾ പറയുക. എല്ലാവരുംകൂടി ബഹളം കൂട്ടിയിട്ട് കാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ നോട്ടീസ് നൽകിയത് റൂൾ 50 അനുസരിച്ചുള്ള ഒരു അടിയന്തിര പ്രമേയത്തിനാണ്. ഇത് വളരെ ഗൗരവതരമായിട്ടുള്ള പ്രശ്നമായതുകൊണ്ട് അങ്ങേക്ക് ഈ ചട്ടം വേവ് ചെയ്തുകൊണ്ടു തന്നെ ഇതിനുവേണ്ടി അനുമതി കൊടുക്കാം. ..... ബഹളം ..... റൂൾ 313 അനുസരിച്ച് അങ്ങേക്ക് ഇപ്പോൾ തന്നെ അനുവാദം തരാം. കഴിഞ്ഞ സഭയിൽ ആരോഗ്യാശ്രമവും, രജനിയുടെ പ്രശ്നവും ഉന്നയിച്ചപ്പോൾ അന്ന് മുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ എ. കെ. ആന്റണി എടുത്ത സമീപനം ചർച്ച അപ്പോൾ തന്നെ നടത്താം എന്നുള്ളതായിരുന്നു. അതിൽനിന്ന് വ്യത്യസ്തമായി ഇത് ഒരു ഒളിച്ചോടുന്ന സമീപനമാണ്. ഈ പ്രശ്നത്തിൽ നിന്ന് ഒളിച്ചോടാൻ വേണ്ടിയിട്ടാണ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഇപ്പോൾ ചട്ടപ്രകാരം ചർച്ച നടത്താം എന്നുപറഞ്ഞുകൊണ്ട് പന്ത്രണ്ടര മണിക്ക് ആകാം എന്നുപറയുന്നത്. അതുകൊണ്ട് ഇപ്പോൾ തന്നെ ഈ പ്രശ്നം ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട ചെയർ ഈ കാര്യത്തിൽ ഒരു നിഷ്പക്ഷമായ നിലപാട് എടുക്കണം. ഇത് ഗൗരവതരമായിട്ടുള്ള പ്രശ്നമാണ്. ഞങ്ങൾ പ്രമേയം അനുവദിച്ച ഘട്ടത്തിലെല്ലാം അപ്പോൾ ചർച്ച ചെയ്യുകയാണ് ചെയ്തിരുന്നത്. എല്ലാം ഉടനെ അനുവദിച്ച ചരിത്രമാണ്, മാറ്റിവച്ച ചരിത്രം ഇല്ല. ബഹുമാന്യനായ എ. കെ. ആന്റണി ഇവിടെ ഇരിക്കുകയല്ലേ? ..... ബഹളം .....

മി. സ്പീക്കർ: എല്ലാവരും ഒരുമിച്ച് നിന്ന് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. please, one at a time. ഒരാൾ പറയുക.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ question hour- ന്റെ ഘട്ടത്തിൽ തന്നെ, question hour കഴിഞ്ഞ ഉടനെ നമുക്ക് അടിയന്തിര പ്രമേയം ചട്ടപ്രകാരം എടുക്കാം എന്നുപറഞ്ഞു. പ്രീസിഡന്റ്സും ഉണ്ട്. ഇതിനുമുമ്പ് ഈ സഭയിൽതന്നെ ഒട്ടേറെ തവണ question hour കഴിഞ്ഞ ഉടനെ റൂൾ 50 പ്രകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരപ്രമേയം ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് അങ്ങ് ഇതേ ദിവസം നടത്തിയിട്ടുള്ള റൂളിംഗും പ്രീസിഡന്റ്സും പരിഗണിച്ചുകൊണ്ട് നമുക്ക് റൂൾ 313 അനുസരിച്ച് ചട്ടപ്രകാരം ഇപ്പോൾ ചർച്ച ചെയ്യാനുള്ള എല്ലാ അവകാശവും ഈ സഭയ്ക്കുണ്ട്. അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ചുമതലപ്പെട്ട നാഥനായ അങ്ങ് ഈ നടപടിക്രമം അനുസരിച്ച് ഈ റൂൾ 50 അനുസരിച്ച് ബഹുമാനപ്പെട്ട അംഗം കോടിയേരി ബാലകൃഷ്ണൻ നൽകിയിട്ടുള്ള നോട്ടീസ് പ്രകാരം അടിയന്തിര പ്രമേയത്തിന്റെ ചർച്ച തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രീസിഡന്റ്സ് ഉണ്ട്.

മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, ശ്രീ. കോടിയേരി ഇവിടെ പറഞ്ഞപ്പോൾ ഗവൺമെന്റ് ഒളിച്ചോടിപ്പോകുന്ന നയമാണെന്ന് പറഞ്ഞു. ഈ പ്രമേയം ഗവൺമെന്റിന് വേണമെങ്കിൽ പല തടസ്സവാദങ്ങളും പറയാമായിരുന്നു. കോടതിയിൽ ഇരിക്കുന്ന സബ്ജൂഡീസ് ആണെന്ന് പറയാമായിരുന്നു. ഒരു അടിയന്തിര പ്രമേയം സ്പെസിഫിക് ഇഷ്യൂ എന്നാ പറഞ്ഞിരിക്കുന്നത്. ഇവിടെ മൂന്ന്, നാല് ഇഷ്യൂസ് കൂട്ടിയിണക്കിയാണ്. ഞങ്ങൾ സാങ്കേതികത്വത്തിൽ പിടിച്ചു നിൽക്കുന്നില്ല. ഏതു പ്രശ്നവും ചർച്ചചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. തുറന്ന ചർച്ചയ്ക്ക് തയ്യാറാണ്. ഒരു സംശയവും വേണ്ട. പക്ഷെ ചട്ടത്തിന് വിധേയമായിരിക്കണം. ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചട്ടത്തിനും നിയമത്തിനും വിരുദ്ധമായിട്ട് ഒരു കാര്യത്തിനും നിൽക്കാൻ തയ്യാറല്ല. അതുകൊണ്ട് ചട്ടങ്ങൾക്ക് വിധേയമായി ഇപ്പോൾ ചർച്ച ചെയ്യുന്നതും 12.30 മണിക്ക് ചർച്ച ചെയ്യുന്നതും തമ്മിൽ ഉള്ള വ്യത്യാസമെന്താണ്? അതുകൊണ്ട് ചട്ടങ്ങൾക്ക് വിധേയമായിട്ട് ചർച്ചയ്ക്ക് തയ്യാറാണ്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് ഗൗരവകരമായിട്ടുള്ള പ്രശ്നമായതുകൊണ്ടും ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമായതുകൊണ്ടും സംസ്ഥാന നിയമസഭയ്ക്ക് പുറത്ത് ഇതൊരു കത്തിക്കാളുന്ന പ്രശ്നമായതുകൊണ്ടും, പന്ത്രണ്ടര മണിവരെ ഇത് നീട്ടിവച്ചാൽ പന്ത്രണ്ടര മണിക്കു മുൻപ് എന്തെല്ലാം നടക്കുമെന്ന് പറയാൻ സാധിക്കില്ല. അതുകൊണ്ട് ഈ പ്രശ്നത്തിന്റെ ഗൗരവം നമ്മൾ ഉൾക്കൊള്ളണമെങ്കിൽ ഇപ്പോൾ ചർച്ച ആരംഭിക്കണം. ഞങ്ങളെ സംബന്ധിച്ചടത്തോളം മന്ത്രി കുഞ്ഞാലിക്കുട്ടിയെ ഒരു മന്ത്രിയായി അംഗീകരിക്കാൻ തയ്യാറല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഞങ്ങൾക്ക്, ഈ പ്രശ്നത്തിൽ ഇതിനെ സംബന്ധിച്ച ചർച്ച ആരംഭിച്ചശേഷം മാത്രമേ അനന്തര നടപടിയിലേക്ക് കടക്കാൻ സാധിക്കുകയുള്ളു.

മി. സ്പീക്കർ: Please ..... Please Mr. Rajendran ..... please .....

ശ്രീ. കെ. പി. രാജേന്ദ്രൻ : സഭ നടത്തിക്കൊണ്ട് പോകാൻ പറ്റില്ല. മറ്റ് നടപടികൾ ഞങ്ങൾ അംഗീകരിക്കില്ല.

മി. സ്പീക്കർ: Yes ..... please ..... മി. രാജേന്ദ്രൻ, ബഹുമാനപ്പെട്ട മെമ്പർമാർക്കും സഭാ നേതാവിനും പറയാനുള്ള കാര്യം കഴിഞ്ഞു. ഇനി സ്പീക്കർ എന്നുള്ള നിലയ്ക്ക് എനിക്ക് അതിനെപ്പറ്റി പറയാനുള്ള കാര്യം കേൾക്കുക. അടിയന്തിര പ്രമേയങ്ങൾ ആദ്യമായിട്ട് വരുന്നതല്ല. പല പ്രാവശ്യവും അടിയന്തിര പ്രമേയങ്ങൾക്ക് അവതരണാനുമതി നിഷേധിക്കാറാണ് പതിവ്. ഞാൻ പരിശോധിച്ചപ്പോൾ 14 അടിയന്തിര പ്രമേയങ്ങൾക്കാണ് ഇവിടെ അവതരണാനുമതി നൽകിയിട്ടുള്ളത്. 12 പ്രാവശ്യവും പന്ത്രണ്ടര മണിക്കാണ് എടുത്തിട്ടുള്ളത്. പിന്നെ റൂൾ 55 പ്രകാരം The motion "that the House do now adjourn" shall be taken up at 12.30 p.m. or at an earlier hour if the Speaker, after considering the state of business in the House, so directs എന്നുള്ളതാണ്. അപ്പോൾ പൊതുവേ സഭയുടെ പൊതു വികാരത്തിന്റെ അടിസ്ഥാനത്തിലാണ് പെട്ടെന്ന് എടുക്കുകയെന്നുള്ളത്. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവതരമായ പ്രശ്നം എന്ന നിലയ്ക്ക് ഉന്നയിക്കുകയും അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അത് ഉൾക്കൊണ്ടുകൊണ്ട് സാങ്കേതികതയിൽ നിൽക്കാതെ ചർച്ച ചെയ്യാം എന്ന് പറയുകയും ചെയ്ത സാഹചര്യത്തിൽ നമ്മൾ മറ്റ് പ്രശ്നങ്ങൾ ഉന്നയിക്കാതെ ചട്ടപ്രകാരം പന്ത്രണ്ടര മണിക്ക് ഇത് എടുക്കാമെന്നുള്ളതാണ്. Please ..... Please..... (പ്രതിപക്ഷാംഗങ്ങൾ എല്ലാപേരും എണീറ്റുനിന്ന് ബഹളം വയ്ക്കാൻ തുടങ്ങി) let me conclude..... മാത്രവുമല്ല ..... ഇന്ന്..... Please ..... Please ..... ഇന്ന് നിയമസഭ കൂടുന്ന ആദ്യ ദിവസം എന്ന നിലയ്ക്ക് ..... (ബഹളം) ..... നിയമസഭ കൂടുന്ന ആദ്യ ദിവസമെന്ന നിലയ്ക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റി 11 മണിക്ക് വച്ചിരിക്കുകയാണ്. അതുകൂടെ നടക്കേണ്ടതുള്ളതുകൊണ്ട് പന്ത്രണ്ടര മണിക്ക് ഈ വിഷയം ചർച്ച ചെയ്യുന്നതാണ് ..... കാളിംഗ്, അറ്റൻഷൻ ശ്രീ. പി. രാമകൃഷ്ണൻ, ... ബഹളം ..... (പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഗവൺമെന്റിന്റെ നിലപാടിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധിച്ച് സഭയുടെ നടുത്തളത്തിലിറങ്ങിനിന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു) (ബഹളം) ..... Yes ..... Yes ..... ഞാൻ പറയുന്നത് നിങ്ങൾ ഒന്ന് കേൾക്കുക, plcase ..... please ..... സഭ നടത്തിക്കാതിരിക്കുന്നതല്ല. Yes ..... Yes ..... please ..... please .....Yes ..... (ബഹളം) ..... plcase .....(ബഹളം) ..... ഞാൻ ഒന്നു പറയട്ടെ, please .....പറയുന്നത് കേൾക്കൂ, സഭ നടത്തിക്കാതിരിക്കുന്നതല്ല, ... Yes ..... please ..... ഞാനൊന്നു പറയട്ടെ. സഭ നടത്തുന്നതാണ്. നിയമസഭാംഗങ്ങളുടെ ആവശ്യം എന്നതുകൊണ്ട് അതിന് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കാൻ സഭ തൽക്കാലം നിറുത്തിവച്ചിരിക്കുന്നു. നേതാക്കളുമായി ചർച്ച ചെയ്യാം.

(കക്ഷി നേതാക്കൻമാരുമായി ചർച്ച ചെയ്യുന്നതിന് രാവിലെ 9.45-ന് സഭാ നടപടികൾ തൽക്കാലം നിറുത്തിവച്ചു).

കക്ഷി നേതാക്കന്മാരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് 9.45-ന് നിർത്തിവച്ച സഭ രാവിലെ 10.50-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു. [10.50 A.M.]

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

സഭാനേതാക്കന്മാരുമായി ചർച്ച ചെയ്തുവെങ്കിലും കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. എനിക്ക് എല്ലാ മാന്യ മെമ്പർമാരോടും പറയാനുള്ളത്, ഒരു സാങ്കേതികത്വത്തിൽ പിടിച്ചു നിൽക്കാതെ നമ്മളേതായാലും അടിയന്തിരപ്രമേയം ചർച്ചയ്ക്ക് എടുക്കാമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ അതുവരെയുള്ള പരിപാടികൾ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ എല്ലാവരും സഹകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സമയം വൈകിയതുകൊണ്ട് ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും എടുക്കുന്നില്ല.

IV. മേശപ്പുറത്തു വച്ച കടലാസ്സുകൾ

I. മുഖ്യമന്ത്രി (*ശ്രീ. ഉമ്മൻ ചാണ്ടി*): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് വയ്ക്കുന്നു:

1. നോട്ടിഫിക്കേഷൻ നമ്പർ 24507/എസ്.എസ്.എ2/2003/ഹോം, തീയതി 3-8-2004 (എസ്.ആർ.ഒ. നമ്പർ 831/2004).

LIBRARY ARCHIVES Kerala Legislative Assembly